**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4202** **28-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് കൃത്യമായി സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറാറുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് കൃത്യമായി കൈമാറുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ ഇനത്തിലുള്ള തുക പ്രസ്തുത കൗൺസിലിന് കൈമാറുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; | (ബി) | ലൈബ്രറി കൗൺസിലിന് തുക കൈമാറുന്നതിൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ച് മറുപടി ലഭ്യമാക്കുന്നതാണ്. |
| (സി) | പ്രസ്തുത സെസ്സ് കൃത്യമായി പ്രസ്തുത കൗൺസിലിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് കൃത്യമായി കൈമാറുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി വിന്യസിച്ചിട്ടുള്ള കെ-സ്മാർട്ട് പോർട്ടലിലൂടെ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ്, ലൈബ്രറി കൗൺസിലിന്റെ അക്കൗണ്ടിലേക്ക് തത്സമയം കൈമാറുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷനിലൂടെ നടപ്പാക്കുന്നതിനും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ